# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2591 12.02.2019-ൽ മറുപടിയ്ക്ക്

**മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.ആർ.രാജേഷ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.യ്ക്ക് 2 കോടി രൂപയുടെ എസ്റ്റിമേറ്റിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 09/01/2019 തീയതിയിലെ സ.ഉ. (സാധാ) നം.13/2019/പജപവവിവ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഐ.ടി.ഐ.യുടെ പ്രവർത്തന ന്യൂനതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മാവേലിക്കര ഐ.റ്റി.ഐ. നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. കാർപ്പെന്റർ, കാലഹരണപ്പെട്ട മെക്കാനിക് റേഡിയോ & ടെലിവിഷൻ എന്നീ ട്രേഡിന് പകരം ആരംഭിച്ച ഇലക്ട്രോണിക് മെക്കാനിക് എന്നീ കോഴ്സുകൾ മാവേലിക്കര ഐ.ടി.ഐ.യിൽ നടത്തിവരുന്നു.<br>ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇലക്ട്രീഷൻ, വെൽഡർ എന്നീ പുതിയ രണ്ട് ട്രേഡുകൾ കൂടി തുടങ്ങാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്തുള്ള പഴയ കെട്ടിടങ്ങൾ ലേലം ചെയ്ത് പൊളിച്ച് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഐ.റ്റി.ഐ.യുടെ ചുറ്റുമതിൽ അറ്റകുറ്റപ്പണി ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവിടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | 1992 മുതൽ പ്രവർത്തിച്ചു വരുന്ന മാവേലിക്കര ഐ.റ്റി.ഐ.യിൽ കാർപ്പെന്റർ, മെക്കാനിക് റേഡിയോ & ടെലിവിഷൻ എന്നീ എൻ.സി.വി.റ്റി കോഴ്സുകളിലാണ് പരിശീലനം നല്കി വന്നിരുന്നത്. ഇതിൽ മെക്കാനിക് റേഡിയോ & ടെലിവിഷൻ എന്ന കോഴ്സ് കാലഹരണപ്പെട്ടുപോയതിനാൽ പ്രസ്തുത കോഴ്സിനു പകരം ഇലക്ട്രോണിക് മെക്കാനിക് എന്ന രണ്ട് വർഷ കോഴ്സ് ആരംഭിക്കുകയും എൻ.സി.വി.റ്റി അഫിലിയേഷൻ നേടുകയും ചെയ്തിട്ടുണ്ട്.<br>ഇപ്പോൾ നിർമ്മാണാനുമതി നല്കിയിട്ടുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതോടെ പുതുതായി ഇലക്ട്രീഷൻ, വെൽഡർ എന്നീ കോഴ്സുകൾ കൂടി ആരംഭിക്കാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**